റശീദ് ബിൻ അബ്ബാസ് കണ്ണൂർ

# പണം സ്വർണം പണപ്പെരുപ്പം



**കടലാസ്** കറൻസി പ്രചാരത്തിലായത് യൂറോപ്പിലെ ബിസിനസുകാർ അവരുടെ പണം സുരക്ഷാർഥം സ്വർണപ്പണിക്കാരുടെ പക്കൽ നിക്ഷേപിക്കാൻ തുടങ്ങിയപ്പോഴാണ്. സ്വർണപ്പണിക്കാർ ഈ നിക്ഷേപത്തിന് രശീതി നൽകിപ്പോന്നു. ഈ രശീതി ബിസിനസുകാർ കൈമാറ്റം ചെയ്യാൻ തുടങ്ങിയപ്പോൾ അന്ന് നിലവിലുണ്ടായിരുന്ന മറ്റു നാണയങ്ങളെ പോലെയായി മാറി. ഇതിലൂടെ പണം സൂക്ഷിക്കുന്നതിനുള്ള ബുദ്ധിമുട്ടില്ലാതാവുകയും ഈ സേവനത്തിന് ബിസിനസുകാർ പണം നൽകാൻ സന്നദ്ധരാവുകയും ചെയ്തു.

സ്വർണപ്പണിക്കാർ അവരുടെ പക്കലുള്ള സ്വർണനാണയങ്ങൾക്കനുസരിച്ചാണ് രശീതി നൽകിയിരുന്നത്. ഈ വിശ്വാസ്യതയായിരുന്നു അവരുടെ ബിസിനസിന്റെ അടിത്തറ. തങ്ങളിൽ നിക്ഷേപിച്ച തുക വളരെ വൈകിയാണ് ബിസിനസുകാർ പിൻവലിക്കുന്നത് എന്ന് മനസ്സിലാക്കിയ

സ്വർണപ്പണിക്കാർ, തങ്ങളുടെ പക്കലുള്ള സ്വർണത്തിന് തുല്യമായി IOU (I-Owe-You) നോട്ടുകൾ (പണം നൽകുമെന്ന് എഴുതി ഒപ്പിട്ട രേഖകൾ) ഉണ്ടാക്കി നൽകാൻ തുടങ്ങി. ഇത് പിന്നീട് ബാങ്കിന്റെ കടം സൃഷ്ടിപ്പ് (Credit Creation) ആയി മാറി. അന്ന് സ്വർണപ്പണിക്കാർ കടം സൃഷ്ടിച്ചത് ബിസിനസുകാരുടെ കൈയിലുള്ള നിക്ഷേപ രശീതികൾക്ക് തുല്യമായിരുന്നു. ഈ പ്രവർത്തനം സ്വർണപ്പണിക്കാരെ പണമിടപാടുകാരാക്കി മാറ്റി.

ഈ സ്വർണപ്പണിക്കാരും പണമിടപാടുകാരും ബാങ്കായി മാറുകയും ക്രമേണ ബാങ്ക് നോട്ടുകൾ ഇറക്കാൻ തുടങ്ങുകയും ചെയ്തു. സ്വർണപ്പണിക്കാരുടെ പക്കലുള്ള നിക്ഷേപത്തിന്റെ രശീതി, എളുപ്പത്തിൽ ഉപയോഗിക്കാവുന്ന കറൻസികളായി മാറുകയും ജനങ്ങൾക്കിടയിൽ വൻ സ്വീകാര്യത നേടുകയും ചെയ്തു. ഓരോ ബാങ്കും പ്രത്യേകം നോട്ടുകൾ ഇറക്കാൻ തുടങ്ങിയതോടെ വിപണിയിൽ പലതരം നോട്ടുകൾ പ്രചാരത്തിൽ വന്നു.

ബാങ്കുകളുടെ എണ്ണത്തിലുള്ള ക്രമാതീതമായ വർധനയും ബാങ്കുകളുടെ തകർച്ചയും (അമിത കടം സൃഷ്ടിപ്പും ബാങ്ക് നോട്ടുകൾക്ക് തുല്യമായ സ്വർണ നിക്ഷേപമില്ലായ്മയും കാരണമായി) ബാങ്കിംഗ് ക്രമക്കേടുകൾ നിത്യസംഭവമാക്കിത്തീർത്തു. അതിനാൽ നിയന്ത്രണാധികാരം ഉള്ളതും സ്വന്തം നിലയിൽ കറൻസികൾ അടിച്ചിറക്കാൻ അധികാരമുള്ളതുമായ ഒരു കേന്ദ്ര ബാങ്കിന്റെ ആവശ്യം ഉയർന്നുവന്നു.

ഇതായിരുന്നു 18-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ National Paper Currencyയുടെ തുടക്കം. അന്നും സ്വർണം തന്നെയായിരുന്നു പണം. പക്ഷേ കടലാസ് പണം ഈ സ്വർണത്തെ പ്രതിനിധീകരിച്ചു എന്നു മാത്രം. ജനങ്ങൾ ഈ കടലാസ് പണത്തെ വ്യാപകമായി ഉപയോഗിക്കാനും തുടങ്ങി. ഇതിന് കേന്ദ്രബാങ്ക്/സർക്കാർ തുല്യമായ സ്വർണം നിക്ഷേപമായി വെക്കാനും ഏതു സമയത്തും സ്വർണമായോ വെള്ളിയായോ മാറ്റം ചെയ്യാനുമുള്ള അനുവാദം നൽകിയിരുന്നു. അതിനാൽ തന്നെ സ്വർണത്തെ പോലെ ഈ കടലാസ് പണത്തിനും ജനങ്ങൾക്കിടയിൽ വൻ സ്വീകാര്യത ലഭിച്ചു. ഈ കടലാസ് പണത്തെ അംഗീകരിക്കാതിരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യുന്നത് ക്രിമിനൽ കുറ്റമായി മാറി. കാലാന്തരത്തിൽ ബ്രിട്ടീഷുകാരുടെ കോളനിവൽക്കരണത്തിലൂടെ ലോകത്തിന്റെ പല ഭാഗത്തും ഈ കടലാസ് കറൻസിയെ സ്വർണത്തിന് തുല്യമായി സ്വീകരിച്ചു.

നെപ്പോളിയന്റെ പടയോട്ടാനന്തരവും (1815) ലോകത്തെ മിക്ക കറൻസികളും സ്വർണത്തിന്റെയോ വെള്ളിയുടെയോ അടിസ്ഥാനത്തിലാണുണ്ടായിരുന്നത്. പക്ഷേ 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ അന്താരാഷ്ട്ര വ്യാപാരം നടക്കുന്ന രാജ്യങ്ങളിൽ സ്വർണം വെള്ളിയെ പുറംതള്ളി. പെട്ടെന്ന് മാറ്റംവരുത്താമെന്നതും സ്വർണം -കറൻസി ബന്ധത്തിന്റെ സ്ഥിരതോത് നിലനിൽക്കുന്നതിനാലും സ്വകാര്യ വ്യക്തികൾക്ക് സ്വതന്ത്രമായി സൂക്ഷിക്കാനുള്ള അവകാശമുള്ളതിനാലും ഇതിന് Gold Standard (പണത്തിന്റെ മൂല്യം സ്വർണത്തിന്റെ മൂല്യത്തിനനുസരിച്ച് നിലനിർത്തുന്ന വ്യവസ്ഥ) പദവി കൈവന്നു.

1880-1914 കാലയളവിൽ ആഗോളതലത്തിൽ ഈ Gold Standard സ്ഥിരമായിരുന്നു. അതിനാൽ ഈ കാലത്ത് പണത്തിന്റെ നിലനിൽപും കൈമാറ്റ വിലയും സ്ഥിരത കൈവരിച്ചു. ഇതുകാരണം നിക്ഷേപകരുടെ മൂലധന നഷ്ടം ഏറ്റവും കുറഞ്ഞ തോതിലാക്കാനും ദേശീയ അന്തർദേശീയ വ്യാപാരം ശക്തിപ്പെടുത്താനും

സാധിച്ചു. അങ്ങനെ Gold Standard-ലുള്ള വിശ്വാസ്യത ജനങ്ങൾക്കിടയിൽ വർധിച്ചു.

എന്നിരുന്നാലും ഈ Gold Standardന്റെ അടിസ്ഥാന വ്യവസ്ഥകൾ (1) സ്വർണ കറൻസി ബന്ധത്തിന്റെ സ്ഥിരതോത്. 2) പെട്ടെന്ന് മാറ്റം വരുത്താനുള്ള കഴിവ്. 3) സ്വകാര്യ വ്യക്തികൾക്ക് സ്വതന്ത്രമായി സൂക്ഷിക്കാനും കൈമാറ്റം ചെയ്യാനും കയറ്റിറക്കുമതി ചെയ്യാനുമുള്ള അവകാശം) പലപ്പോഴും നിറവേറ്റപ്പെട്ടിരുന്നില്ല. രാജ്യങ്ങൾ തമ്മിലുള്ള പണത്തിന്റെ മൂല്യങ്ങളിലെ ഏറ്റക്കുറച്ചിലും കൈമാറ്റ നിയന്ത്രണവും എല്ലായിടത്തും വ്യാപകമായിരുന്നു.

ലോകയുദ്ധങ്ങളുടെ വേളകളിൽ കാര്യങ്ങൾ വളരെ ഭയാനകമായിത്തീർന്നു. 1936 ആയപ്പോൾ സ്വർണ- കറൻസി ബന്ധം ഏകദേശം എല്ലാ രാജ്യങ്ങളിലും തകരുകയും എല്ലാ രാജ്യങ്ങളുടെയും രാഷ്ട്രീയ-സാമ്പത്തിക സാഹചര്യങ്ങൾ അനിയന്ത്രിതമാവുകയും ചെയ്തു. ഇതുകാരണം അന്താരാഷ്ട്ര വിനിമയ നിരക്കിന്റെ സ്ഥിരത തകർന്നു. Gold Standard-ന്റെ അടിസ്ഥാന വ്യവസ്ഥകൾ ഇല്ലാതാവുകയും ചെയ്തു. ഇത് അന്താരാഷ്ട്ര വ്യാപാരത്തെ പ്രതിസന്ധിയിലേക്ക് തള്ളിവിട്ടു.

## ബ്രട്ടൻവുഡ്സ് കരാർ

ഈ പ്രശ്നങ്ങളുടെ പരിഹാരാർഥം അമേരിക്കയുടെ നേതൃത്വത്തിൽ 1945-ൽ 40 രാഷ്ട്രങ്ങൾ അമേരിക്കയിലെ ന്യൂഹാംപ്ഷയർ സ്റ്റേറ്റിലെ ബ്രട്ടൻവുഡ്സ് എന്ന സ്ഥലത്ത് ഒത്തുചേർന്ന് ഒരു കരാറിലേർപ്പെടുകയുണ്ടായി. ഇതിനെ The Brettonwoods Agreement എന്ന് പറയുന്നു.

ബ്രട്ടൺവുഡ്സ് കരാറിന്റെ പ്രധാന പിന്നണി പ്രവർത്തകർ ബ്രിട്ടനും അമേരിക്കയുമാണ്. ഇതിന്റെ ഒന്നാമത്തെ ലക്ഷ്യം ലോക വ്യാപാരം എളുപ്പമാക്കുന്നതിന് വിനിമയ നിരക്ക് സ്ഥിരപ്പെടുത്തുക എന്നതായിരുന്നു. കരാറനുസരിച്ച് അമേരിക്ക, തങ്ങളടിച്ചിറക്കുന്ന ഡോളറിന് ഒരു നിശ്ചിത തൂക്കം സ്വർണം സൂക്ഷിക്കാമെന്നും മറ്റ് അംഗ രാജ്യങ്ങൾ തങ്ങളുടെ കറൻസികൾക്ക് തുല്യമായി ഡോളർ സൂക്ഷിക്കാമെന്നും ഉറപ്പു നൽകി. താത്ത്വികമായി എല്ലാ കറൻസികളും ഡോളറിന് തുല്യമായിരുന്നു. അതിനാൽ തന്നെ സ്വർണം എല്ലാ കറൻസികളുടെയും അടിസ്ഥാന യൂനിറ്റായി മാറുകയും അന്താരാഷ്ട്ര വ്യാപാരത്തിന്റെ സ്ഥിരത ഈ യൂണിറ്റിലാവുകയും ചെയ്തു. ഇതിന് Gold-Dollar Standard എന്നാണ് വിളിപ്പേര്.

ഇതു പ്രകാരം ഒരു അമേരിക്കൻ ഡോളർ 1/35 ഔൺസ് (1 ounce = 31.1 gm) സ്വർണത്തിന് തുല്യമായി നിശ്ചയിച്ചു (ഒരു ഔൺസ് സ്വർണത്തിന് 35 US dollar). അമേരിക്കയുടെ തുടർന്നുള്ള എല്ലാ വ്യാപാരങ്ങളിലും ഈ തോത് നിലനിർത്തുമെന്ന് ഉറപ്പുനൽകി. അന്താരാഷ്ട്ര നാണയനിധി (IMF) ഇതിന്റെ നിയന്ത്രണാധികാരമേറ്റെടുക്കുകയും ചെയ്തു.

ഇതിനു ശേഷം ഒരു കറൻസിയും സ്വർണത്തിലേക്ക് മാറ്റാൻ കേന്ദ്രബാങ്കുകളിൽ സമർപ്പിച്ചിട്ടില്ല. സ്വർണം ഒരു വലിയ കരുതൽ (reserve) ആയിരിക്കുമ്പോൾ തന്നെ കേന്ദ്ര ബാങ്കുകളിൽ ഏറ്റവും പ്രധാന റിസർവ് അമേരിക്കൻ ഡോളറായി മാറുകയും ഭൂരിഭാഗം വിദേശ വ്യാപാരവും ഡോളറിലേക്ക് മാറ്റപ്പെടുകയും ചെയ്തു. കേന്ദ്രബാങ്കുകൾക്കും ചില സ്വർണ വ്യാപാരികൾക്കും മാത്രമേ അവരുടെ ഡോളറിനെ യു.എസിലെ സ്വർണജാലകത്തിൽ (Gold Window) കൊടുത്ത് സ്വർണത്തിലേക്ക് മാറ്റാൻ കഴിഞ്ഞുള്ളൂ.

പക്ഷേ അമേരിക്കൻ സർക്കാർ അവരുടെ പെരുകിവരുന്ന ധനക്കമ്മി പരിഹരിച്ചത് കരുതൽ സ്വർണം (gold reserve) വർധിപ്പിക്കാതെ ഡോളർ അടിച്ചിറക്കി

യാണ്, പ്രത്യേകിച്ചും 1960-കളിൽ. 1970-ന്റെ അവസാനത്തോടെ അമേരിക്കയിലെ കരുതൽ സ്വർണത്തിന്റെ ഇരട്ടിയോളം ഡോളർ വിദേശ ബാങ്കുകളിൽ മാത്രം ഉണ്ടായിരുന്നു. ഈ ഭയാനകമായ 'കുതിപ്പി'നിടയിൽ ചരിത്രം തന്നെ മാറ്റിത്തിരുത്തിയ ഒരു തീരുമാനം അമേരിക്ക കൈക്കൊണ്ടു. 1971 ആഗസ്റ്റ് 15-ന് അമേരിക്ക അതിന്റെ സ്വർണജാലകം അടച്ചുപൂട്ടി. തുടർന്ന് ഡോളറും സ്വർണവും തമ്മിലുള്ള ബന്ധം പരിഹരിക്കാനാവാത്ത വിധം വഷളായി. ഇങ്ങനെ അമേരിക്ക ഏകപക്ഷീയമായി ബ്രട്ടൻവുഡ്സ് കരാർ ലംഘിക്കുകയും വെറും 26 വർഷംകൊണ്ട് ആ കരാറിനെ അകാല മരണത്തിലേക്ക് നയിക്കുകയും ചെയ്തു. തുടർന്ന് ഡോളറിന്റെ മൂല്യം കുറഞ്ഞു. ഇത് മറ്റു രാഷ്ട്രങ്ങളുടെ കറൻസികളെ മോശമായി ബാധിച്ചു. ഇതായിരുന്നു സ്വർണ- കറൻസി ബന്ധത്തിന്റെ ഏറ്റവും വലിയ തകർച്ച.

## 1971-ന് ശേഷമുള്ള കറൻസികൾ

ഇന്നും കറൻസി ഒരു പ്രോമിസറി നോട്ട് (ഒരു പ്രത്യേക തീയതിക്കു മുമ്പ് നിശ്ചിത തുക നൽകാമെന്ന് ഉറപ്പുനൽകി ഒപ്പിട്ട രേഖ) ആണ്. അതേസമയം എല്ലാ അടിച്ചിറക്കൽ കേന്ദ്രങ്ങളും പണം അടിച്ചിറക്കുന്നതിന് തുല്യമായി സ്വർണമോ തത്തുല്യ മൂല്യമുള്ള മറ്റു വസ്തുക്കളോ സൂക്ഷിക്കാനുള്ള ബാധ്യത നിറവേറ്റാതിരിക്കുന്നത് നിയമപരമായ കുറ്റമല്ലെന്ന് ധരിച്ചുവശായിരിക്കുന്നു. ഇന്ന് ഒരു പൗരൻ കറൻസിയിൽ വിശ്വാസമർപ്പിക്കുന്നത്, തന്റെ കൈയിലുള്ള കറൻസിയെ മറ്റ് പൗരൻ വിലമതിക്കും എന്ന പ്രതീക്ഷയിലാണ്. ഒരു പൗരൻ ഈ കറൻസിയെ വിലമതിക്കാതിരിക്കുകയും ആരും ഒരാൾക്കും ഇതിന്റെ പേരിൽ ഒരു വാഗ്ദാനവും നൽകാതിരിക്കുകയുമാണെങ്കിൽ ആ നിമിഷം ഈ കറൻസി സമ്പ്രദായം തകർന്നു തരിപ്പണമാകും. പക്ഷേ നിഷേധിക്കാനുള്ള ഈ അവകാശം നിയമപരമായി കുറ്റകരമാണ്. കാരണം ഈ കടലാസ് പണത്തെ നിഷേധിക്കാൻ പാടില്ലാത്ത ബാധ്യത (Legal Tender) ആയാണ് കരുതുന്നത്. ഇന്ന് ഈ കറൻസി ഒരു മായാ ദർശനമായിരിക്കുകയാണ്; നമ്മുടെ മേൽ ബലം പ്രയോഗിക്കുന്ന ഒരു മായാ ദർശനം.

## സ്വർണത്തിന്റെ വില

1945 മുതൽ 1971 വരെ എല്ലാ കറൻസികൾക്കും ഡോളറുമായും ഡോളറിന് സ്വർണവുമായും (35 dollar/ounce) ഒരു സ്ഥിരബന്ധമുണ്ടായിരുന്നു. സ്വർണത്തിന് സ്വന്തമായി ഒരു കറൻസിയുടെയും അടിസ്ഥാനത്തിൽ വിലയുണ്ടായിരുന്നില്ല. സ്വർണം പണമായിരുന്നപ്പോൾ അതിന്റെ മൂല്യം കണക്കാക്കിയത് തൂക്കിയായിരുന്നു. ഒരു ഔൺസ് സ്വർണത്തിന്റെ വില ഒരു ഔൺസ് സ്വർണം തന്നെയായിരുന്നു. സ്വർണത്തിന്റെ ഏത് യൂണിറ്റെടുത്താലും അതിന്റെ വില ആ യൂണിറ്റ് തന്നെയായിരുന്നു. 35 ഡോളർ ഒരു ഔൺസിന് തുല്യമായിരുന്നു, അല്ലാതെ ഒരു ഔൺസ് സ്വർണം 35 ഡോളറിന് തുല്യമല്ല.

എന്നിരുന്നാലും ഡോളർ നിലനിന്നതു പോലെ സ്വർണം അധികകാലം കറൻസി(Legal Tender)യായി നിലനിന്നില്ല. 1971 വരെ സ്വർണത്തിന് ഡോളറും ഡോളറിന് സ്വർണവും സ്വർണ ജാലകങ്ങളിൽനിന്ന് മാറ്റം ചെയ്യാമായിരുന്നു. പക്ഷേ സ്വർണത്തിൽ ആരും കച്ചവടം നടത്താത്തതിനാൽ (അത് ഒരു Legal Tender അല്ലാത്തതിനാൽ) എല്ലാവരും ഡോളർ ഉപയോഗിച്ചുതുടങ്ങി. വാണിജ്യത്തിന് സ്വർണം ലഭിക്കണമെങ്കിൽ ഡോളർ കൊടുത്ത് വാങ്ങണം എന്ന അവസ്ഥയായി. അങ്ങനെ ഒരു ഔൺസ് സ്വർണത്തിന് കൊടുക്കുന്ന ഡോളറുകൾ സ്വർണത്തിന്റെ വിലയായി മാറി.

കഴിഞ്ഞവർഷം ഒരു ഔൺസ് സ്വർണത്തിന് 917 ഡോളറും ഒരു ഡോളറിന് 40 രൂപയുമായിരുന്നു. അപ്പോൾ ഒരു ഔൺസ് സ്വർണത്തിന് 36,680 രൂപ (10 ഗ്രാം സ്വർണത്തിന് 11,800 രൂപ). ഈ വർഷം ഡോളറിന് 50 രൂപയായപ്പോൾ ഒരു ഔൺസ് സ്വർണത്തിന് വെറും 883 ഡോളർ മാത്രം (3.7% നഷ്ടം). അപ്പോൾ ഒരു ഔൺസ് സ്വർണത്തിന് 44,150 രൂപ (10 ഗ്രാം സ്വർണത്തിന് 14,200 രൂപ). അതായത് 20% നഷ്ടമാണ് രൂപക്ക് സംഭവിച്ചത്.

സ്വർണത്തിന്റെ വില അതിന്റെ ഡിമാന്റനുസരിച്ചോ വിതരണത്തിന്റെ കുറവനുസരിച്ചോ കൂടുകയാണോ അതല്ല ഡോളർ തകരുകയാണോ എന്നീ ചോദ്യങ്ങൾ ഇതിനാൽ വളരെ പ്രസക്തമാണ്. ഗവൺമെന്റിനു പോലും ഇത് നിയന്ത്രിക്കാനാവില്ല എന്നത് പ്രശ്നത്തിന്റെ ഗൗരവം വെളിപ്പെടുത്തുന്നു. ഇതിനുവേണ്ടി രൂപീകരിച്ച സാക്ഷാൽ ഐ.എം.എഫ് പോലും രക്ഷക്കെത്തിയില്ല. ഇതിനെ സർക്കാർ നിയന്ത്രണമില്ലാത്ത സ്വതന്ത്ര വിപണി (Laissez-faire) എന്നു പറയാം.

## കറൻസിയും വിലയും

പണം അല്ലെങ്കിൽ കറൻസി മൂന്ന് ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്.

1) അളക്കാനുള്ള തോത്
2) കൈമാറ്റ മാധ്യമം
3) മൂല്യം സൂക്ഷിക്കാൻ

അളക്കാനുള്ള തോതായി അംഗീകരിച്ചപ്പോൾ, എല്ലാ ഉൽപന്നങ്ങൾക്കും കറൻസിയുടെ അടിസ്ഥാനത്തിൽ വില നിശ്ചയിക്കാൻ സാധിച്ചു. എല്ലാ രാജ്യങ്ങളിലും കറൻസികൾ അംഗീകരിച്ചതോടെ ഉൽപന്നങ്ങൾക്ക് ഒരു പ്രത്യേക വില നിശ്ചയിക്കാനും ആ രാജ്യത്തിന്റെ കറൻസിക്കോ അതിനു തുല്യമായ മറ്റു കറൻസികൾക്കോ ഈ വില നിശ്ചയിക്കാനും സാധിച്ചു. കൈമാറ്റ ഉപാധിയായി ഇതിനെ അംഗീകരിച്ചപ്പോൾ ബാർട്ടർ സമ്പ്രദായത്തിന്റെ എല്ലാ ബുദ്ധിമുട്ടുകളിൽ നിന്നും മുക്തമാവുകയും കൊടുക്കൽ വാങ്ങലുകൾ എളുപ്പമാവുകയും ചെയ്തു.

സൂക്ഷിക്കാൻ സാധിക്കുന്നതിനാൽ ഒരു സാധനമോ സേവനമോ വിറ്റു കിട്ടുന്ന പണം നമുക്കാവശ്യമായ മറ്റു സാധനമോ സേവനമോ പിന്നീട് ലഭിക്കുന്നതുവരെ സൂക്ഷിക്കാൻ സാധിച്ചു. എല്ലാ ഉൽപന്നങ്ങൾക്കും ഒരോരോ രാജ്യത്തിന്റെ കറൻസിയുടെ അടിസ്ഥാനത്തിൽ വിലയുണ്ട്. ഉദാഹരണത്തിന്, ഒരു പുസ്തകത്തിന് 5 ഡോളർ അല്ലെങ്കിൽ 10 ദിർഹം അല്ലെങ്കിൽ 150 രൂപ. എന്താണ് ഈ കറൻസിയുടെ വില? ഒരു ഡോളറിന്റെയും ഒരു രൂപയുടെയും വില ആ ഡോളറും ആ രൂപയും തന്നെയാണ്. ഒരു സാധനത്തിന്റെ വിലയ്ക്ക് അതിന്റെ ഡിമാന്റ്, വിതരണം അനുസരിച്ച് നാൾക്കുനാൾ മാറ്റം സംഭവിക്കാം. പക്ഷേ ഒരു ഡോളറിന്റെ വില എപ്പോഴും ഒരു ഡോളർ തന്നെയാണ്. വില മാറുന്നത് (പണപ്പെരുപ്പം/പണച്ചുരുക്കം) സാധനങ്ങളുടെ വിലയെ ബാധിക്കും. പക്ഷേ കറൻസിയുടെ വിലയെ ഇത് ബാധിക്കില്ല. കാരണം കറൻസി അളക്കുന്നത് അതേ യൂണിറ്റിലാണ്. നാം കറൻസികൊണ്ട് എന്താണോ ഉദ്ദേശിച്ചത് (അളക്കുക, കൈമാറ്റോപാധിയാക്കുക, സൂക്ഷിച്ചു വെക്കുക) അതുതന്നെയാണ് ഇന്നത്തെ പണവും ചെയ്യുന്നത്. എങ്കിലും പണം തന്നെ ഒരു ചരക്കായി മാറിയിരിക്കുന്നു.

## പണപ്പെരുപ്പവും കറൻസി തേയ്മാനവും

ഖേദകരമെന്നു പറയട്ടെ, ആധുനിക കറൻസികൾ പണത്തിന്റെ മൂന്നാമത്തെ ലക്ഷ്യം (മൂല്യം സൂക്ഷിക്കൽ) പൂർത്തീകരിക്കുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു.

കഴിഞ്ഞ വർഷം ഒരു ഡോളർ കൊടുത്ത് വാങ്ങിയ ബ്രഡ് ഈ വർഷം ആ ഡോളറിന് വാങ്ങാൻ പറ്റുന്നില്ല. നമുക്ക് പറയാം ഡോളറിന്റെ മൂല്യത്തിന് തേയ്മാനം സംഭവിച്ചിരിക്കുന്നുവെന്ന്. പക്ഷേ, മറ്റുള്ളവർ പറയുന്നു സാധനത്തിന്റെ വില വർധിച്ചിരിക്കുന്നു (പണപ്പെരുപ്പം കാരണം). പണപ്പെരുപ്പം അളക്കാൻ ഉപാധി ഉണ്ടായപ്പോഴും (Consumer Price Index) കറൻസി തേയ്മാനമളക്കാൻ ഒന്നുമില്ലാതിരുന്നു. പണപ്പെരുപ്പം പണത്തിന്റെ ഒരു ധനാത്മക മാറ്റമായും പണച്ചുരുക്കം ഒരു ഋണാത്മക മാറ്റവുമായാണ് വിവരിച്ചത്.

കറൻസി തേയ്മാനം ഒരുദാഹരണത്തിലൂടെ വിശദീകരിക്കാം. അവസാന വർഷം ഒരു ബ്രഡിന് അഞ്ചു രൂപയാണുണ്ടായിരുന്നത്. ഈ വർഷം ആറു രൂപയായി വർധിച്ചു. ഇരുപത് ശതമാനം വില വർധനവ് സംഭവിച്ചു (20% പണപ്പെരുപ്പം). മറ്റൊരു തരത്തിൽ പറഞ്ഞാൽ ഒരു രൂപക്ക് 1/5 ബ്രഡ് കിട്ടിയിരുന്നത് 1/6 മാത്രമേ കിട്ടുന്നുള്ളൂ. അതിനാൽ ഈ വർഷം അഞ്ചുരൂപ കൊടുത്താൽ നമുക്ക് ഒരു ബ്രഡിന്റെ 5/6 മാത്രമാണ് ലഭിക്കുന്നത്. ബ്രഡ് മുഴുവനായും വാങ്ങാൻ ഒരു രൂപ അധികം നൽകേണ്ടിവരുന്നു. ബ്രഡിന്റെ ഗുണത്തിലോ തൂക്കത്തിലോ മറ്റോ മാറ്റം സംഭവിച്ചില്ലെങ്കിൽ നമുക്ക് പറയാം, കറൻസിയുടെ സ്വഭാവത്തിൽ മാറ്റം സംഭവിച്ചിരിക്കുന്നു എന്ന്. മറ്റൊരു തരത്തിൽ പറഞ്ഞാൽ കറൻസിക്ക് 16.7% തേയ്മാനം സംഭവിച്ചു. കറൻസി തേയ്മാനം അളക്കാനുള്ള ഉപാധിയില്ലാത്തതിനാൽ ഇതിന് പണപ്പെരുപ്പം (Consumer Price Index ഉപയോഗിച്ച് അളക്കാം) എന്ന് വിളിക്കാം. സർക്കാരിന്റെ അപര്യാപ്തമായ പണനയം, ബാങ്കിന്റെ കടം സൃഷ്ടിപ്പ്, പലിശ നിരക്ക് തുടങ്ങിയവയാണ് കറൻസി തേയ്മാനത്തിന്റെ പ്രധാന കാരണങ്ങൾ.

## പലിശയും പണപ്പെരുപ്പവും

ക്രൈസ്തവ സഭക്ക് ആധിപത്യമുണ്ടായിരുന്നപ്പോൾ പലിശ നിരോധിക്കപ്പെട്ടിരുന്നു. 1545-ൽ ബ്രിട്ടീഷ് സർക്കാർ നിയമപരമായി ചുമത്താവുന്ന ബാങ്ക് പലിശ(Interest)യും ചുമത്താനാവാത്ത അമിത പലിശ(Usury)യും വേർതിരിച്ചുകൊണ്ട് Usury Law പാസാക്കി. 1545-ൽ തന്നെ ന്യായ പലിശ(Bank Interest)യുടെ തോത് വർഷത്തിൽ 10 ശതമാനമാക്കി നിശ്ചയിച്ചു.

ബ്രിട്ടീഷുകാരുടെ കോളനിവാഴ്ചക്കാലത്താണ് പലിശാധിഷ്ഠിത ബാങ്കിംഗ് സമ്പ്രദായം മറ്റു രാജ്യങ്ങളിൽ വ്യാപകമായത്. നഷ്ട സാധ്യത (risk) ഏറ്റെടുക്കാൻ തയാറല്ലെങ്കിൽ ബാങ്കിൽ നിക്ഷേപിച്ച് വരുമാനം (പലിശ) ഉണ്ടാക്കാം. ബാങ്ക് ഈ പലിശ നൽകിയത് കടക്കാരുടെ പക്കൽ നിന്നും ഈടാക്കിയാണ്. ഇതിലൂടെ ഉൽപാദനം കുറയുകയും ധനികർ കൂടുതൽ സമ്പാദിക്കുകയും ദരിദ്രർ കൂടുതൽ ദാരിദ്ര്യത്തിലേക്ക് കൂപ്പുകുത്തുകയുമാണ് ഉണ്ടായത്.

നിക്ഷേപത്തിന് ബാങ്ക് പലിശ കൂട്ടുകയാണെങ്കിൽ നിക്ഷേപകർക്ക് കൂടുതൽ പണം ലഭിക്കുകയാണ് ചെയ്യുന്നത്. ഇത് ജനങ്ങളുടെ (നിക്ഷേപകർ) ഇടയിൽ പണം വർധിക്കുന്നതിന് കാരണമാകും. പണപ്പെരുപ്പം മറ്റൊരു തരത്തിൽ പറഞ്ഞാൽ ജനങ്ങളുടെ കൈയിൽ കൂടുതൽ പണം എത്തുന്ന അവസ്ഥയാണ്. ആളുകളുടെ ക്രയശേഷി വർധിക്കുകയും ഉൽപാദനം/വിതരണം കുറയുകയുമാണെങ്കിൽ സാധനങ്ങൾക്ക് വില വർധിക്കുക സ്വാഭാവികം. വിലവർധനവിനനുസരിച്ച് സാധാരണക്കാരന്റെ വരുമാനം വർധിക്കുകയാണെങ്കിൽ ഇതൊരു പ്രശ്നമായി മാറില്ലായിരുന്നു. എന്നാൽ സാധനങ്ങളുടെ വില വർധിക്കുന്നതിനനുസരിച്ച് സാധാരണക്കാർ ദരിദ്രരായി മാറുന്നതാണ് കണ്ടുകൊണ്ടിരിക്കുന്നത്. ബാങ്ക് പണപ്പെരുപ്പം തടയുന്നത്, നിക്ഷേപ

ത്തിന് പലിശ കുറച്ചും വായ്പക്ക് പലിശ കൂട്ടിയുമാണ്. ഇവിടെയും സാധാരണക്കാരാണ് ഇര. കാരണം, ബാങ്കിൽ നിന്ന് കടം ആവശ്യമുള്ളത് അവർക്കാണല്ലോ.

ഇപ്പോൾ നാം അനുഭവിക്കുന്ന സാമ്പത്തിക പ്രതിസന്ധിയുടെ പ്രധാന കാരണം കുത്തഴിഞ്ഞ സാമ്പത്തിക വ്യവസ്ഥയും പലിശ സമ്പ്രദായവുമാണ്. റിയൽ എസ്റ്റേറ്റിനെയാണ് ആദ്യം പ്രതിസന്ധി ബാധിച്ചതെങ്കിലും ഇന്ന് എല്ലാ മേഖലകളിലും ഇത് പ്രകടമാണ്. റിയൽ എസ്റ്റേറ്റിലുള്ള വിശ്വാസ്യത നഷ്ടപ്പെടുകയും ഇന്നത് നോൺ-റിയൽ(അയഥാർഥ)എസ്റ്റേറ്റ് ആയി മാറുകയും ചെയ്തിരിക്കുന്നു. സാമ്പത്തിക വിദഗ്ധർ അഹോരാത്രം പരിശ്രമിച്ചിട്ടും ഈ പ്രശ്നത്തിന് ഒരു പരിഹാരം നിർദേശിക്കാനായില്ല. ഈ പ്രശ്നങ്ങൾക്കിടയിലും തകർച്ചയെ അതിജീവിച്ചുകൊണ്ട് നിലനിന്ന ഇസ്‌ലാമിക് ഫിനാൻസിനെ അവർ വളരെ പ്രതീക്ഷയോടെ സ്വീകരിച്ചു തുടങ്ങുകയും ചെയ്തു. മനുഷ്യ നിർമിത സാമ്പത്തിക വ്യവസ്ഥക്ക് പ്രശ്നങ്ങൾ പൂർണമായും ഇല്ലായ്മ ചെയ്യാൻ സാധിക്കില്ല. കാരണം മനുഷ്യന് മനുഷ്യന്റെ ആന്തരിക പ്രകൃതിയും സ്വഭാവവും പൂർണമായി അറിയില്ല. അതിനാൽ പ്രശ്നങ്ങൾക്ക് ക്രിയാത്മക പരിഹാരം നിർദേശിക്കുന്ന ഒരു ദൈവിക സാമ്പത്തിക വ്യവസ്ഥയെ ലോകം സ്വീകരിച്ച് തുടങ്ങിയിരിക്കുന്നു. അതാണ് ഇസ്‌ലാമിക് ഫിനാൻസിന്റെ വളർച്ച സൂചിപ്പിക്കുന്നത്. ■

rasheedbinabbas@gmail.com

**Ref:**

1. Business Islamica - April 2009
2. Commercial Banking in the presence of Inflation - ALM Gafoor
3. Contribution of Islamic Thoughts into Modern Economics